കേരള പ്രൈവററ്


# കോളേജ് ടീച്ചർ

AKPCTA


No. 108

1992

നവംബർ



# വസന്തകുമാരി അന്തരിച്ചു



ഒററപ്പാലം എൻ. എസ്. എസ്. കോളേജ് മലയാള വിഭാഗം അധ്യാപിക ശ്രീമതി. കെ. വസന്തകുമാരി (45) പെട്ടെന്നുണ്ടായ അസുഖത്തെത്തുടർന്ന് അന്തരിച്ചു.

എകെപിസിടിഎ അംഗമായിരുന്ന വസന്തകുമാരിയുടെ നിര്യാണത്തിൽ ഒററപ്പാലം ബ്രാഞ്ച് അനുശോചനം രേഖപ്പെടുത്തി. എറണാകുളത്തു ചേർന്ന എൻ. എസ്. എസ്. കോളേജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ യോഗവും വസന്തകുമാരിയുടെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

# അവരെവിടെയായിരുന്നു ?

കേരളയൂണിവേഴ്സിററി സെനററ് തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ കേരള സർക്കാർ നടത്തിയ ഹീനമായ ശ്രമം തല്ക്കാലം പൊളിഞ്ഞു. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചശേഷം തെരഞ്ഞെടുപ്പ് മാററി വച്ചതിനെതിരേ എ.കെ.പി.സി.ടി.എ കോടതിയിൽ കേസ്സു കൊടുത്തു. സിംഗിൾ ബഞ്ചിൽ സംഘടനയ്ക്ക് അനുകൂലമായ വിധിയുണ്ടായി. യൂണിവേഴ്സിററി, ഡിവിഷൻ ബഞ്ചിൽ അപ്പീൽ കൊടുത്തെങ്കിലും അതും തള്ളി. തെരഞ്ഞെടുപ്പു നടത്താൻ വിധിയായി. അതനുസരിച്ചാണ് ഇപ്പോൾ യൂണിവേഴ്സിററി തെരഞ്ഞെടുപ്പു പ്രക്രിയ നിർത്തിയിടത്തുനിന്നും പുനരാരംഭിച്ചിരിക്കുന്നത്.

പ്രൈവററ് കോളേജധ്യാപക രംഗത്തെ ചില പേപ്പർ സംഘടനകൾ ഇനിയിപ്പോൾ വോട്ടു ചോദിക്കാൻ കള്ളച്ചിരിയുമായ അധ്യാപകരെ സമീപിക്കും. ഈ തെരഞ്ഞെടുപ്പ് എങ്ങിനെ ഉണ്ടായി എന്ന ചോദ്യത്തിന് അവർ അധ്യാപകരോടു മറുപടി പറയണം. യൂണിവേഴ്സിററി ജനാധിപത്യം കാററിൽപ്പറത്തി നോമിനേഷൻ കൊണ്ടുവരാൻ നീക്കമാരംഭിച്ചപ്പോൾ അതിനെ സ്തുതിച്ചവരാണിവർ; നോമിനേഷൻ വന്നാൽ ജാതി പറഞ്ഞും മതം പറഞ്ഞും രാഷ്ട്രീയം പറഞ്ഞും അകത്തു കടന്നുകൂടാൻ കാത്തുനിന്നവർ. ഇവർക്ക് വോട്ടു ചോദിക്കാൻ അർഹതയുണ്ടോ ?

# ഡിസംബർ 5 ന്
# സെക്രട്ടേറിയററ് മാർച്ച്

വെള്ളപ്പൊക്കക്കെടുതികൾ മൂലം മാററിവയ്ക്കപ്പെട്ട സെക്രട്ടേറിയററ് മാർച്ച് ഡിസംബർ 5 ശനിയാഴ്ച നടക്കും.

എല്ലാ അധ്യാപകരും കൃത്യമായി പങ്കെടുക്കണം.

# വിളനിലം പുറത്തുപോകണം

സമുന്നതമായ വൈസ്ചാൻസിലർ പദവിയിൽ വ്യാജഡിഗ്രിയുമായി കയറിയിരിക്കുന്നതു കൊണ്ടുമാത്രമല്ല വിളനിലം പുറത്തു പോകണമെന്നു പറയുന്നത് ; പ്രതിഷേധിക്കുന്നവരുടെ പുറത്തു കാറോടിച്ചു കയററുന്ന ക്രൂരത കാട്ടാൻ മടികാണിക്കാത്ത മനസ്സാണ് അദ്ദേഹത്തിനുള്ളത് എന്നതു കൊണ്ടു കൂടിയാണ്. അപ്രതീക്ഷിതമായിട്ടായിരുന്നില്ല വിദ്യാർത്ഥികളുടെ പ്രതിഷേധം വിളനിലത്തിനെതിരേ ഉണ്ടായത്. അവർ മുൻകൂട്ടി പറഞ്ഞിരുന്നതാണ്. അതുകൊണ്ട് വിളനിലം ചെയ്യേണ്ടിയിരുന്നത് കാറ് നിർത്തുകയാണ്. അങ്ങനെ ചെയ്യാതെ ഉന്നത വിദ്യാഭ്യാസ മേഖലയെ ബലാൽസംഗം ചെയ്ത് കീഴടക്കാൻ തുനിഞ്ഞ ഇദ്ദേഹം വൈസ്ചാൻസിലർ പദവിക്കെന്നല്ല ഒരു ശിപായിയുടെ ജോലിക്കുപോലും യോഗ്യനല്ല.

കേരളത്തിലെ വിദ്യാഭ്യാസ മണ്ഡലത്തെ കലക്കി മറിച്ച ഇപ്പോഴത്തെ സംഭവങ്ങൾക്ക് ആരാണുത്തരവാദി? വിദ്യാർത്ഥികളോ ? പൊതുജനങ്ങളോ? തമ്മിലടിച്ചു തകരുന്ന ഒരു സർക്കാരിന്റെ ജനശ്രദ്ധ തിരിച്ചുവിടാനുള്ള അടവിന്റെ ഫലമാണ് വി.സി. സ്ഥാനത്തേയ്ക്കുള്ള വിളനിലത്തിന്റെ പുനഃപ്രവേശനം. അവർക്കറിയാം, ഒരു വ്യാജനെ വി.സി. സ്ഥാനത്തു സഹിക്കാൻ മാത്രം കേരളീയർ അധഃപതിച്ചിട്ടില്ലെന്ന്. പ്രക്ഷോഭം വരും. ഭരണകക്ഷിയിലെ തമ്മിലടി അതിൽ മുങ്ങിപ്പോകും— ഈ സൃഗാലതന്ത്രമാണ് അരങ്ങേറിയത്. കുഴപ്പങ്ങളിൽ നിന്നും കൂട്ടക്കുഴപ്പങ്ങളിലേയ്ക്കു വളർന്നുകൊണ്ടിരിക്കുന്ന കേരളഭരണത്തെ ഇതൊന്നും രക്ഷിക്കാൻ പോകുന്നില്ലെന്നത് വേറേ കാര്യം.

രണ്ടുമൂന്നു മാസങ്ങളായി കേരളത്തിലും, അഖിലേന്ത്യാതലത്തിലും, ഇന്ത്യയ്ക്കു പുറത്തു പോലും ചർച്ച ചെയ്യപ്പെടുന്നതാണ്

കേരള പ്രൈവററ്
**കോളേജ് ടീച്ചർ**
**നമ്പർ 108**
നവമ്പർ 1992

എഡിററർ
**വി. എൻ. മുരളി**

മാനേജിംഗ് എഡിററർ
**കെ. പി. ദിവാകരൻനായർ**

പത്രാധിപസമിതി
ജോർജ് സെബാസ്ററ്യൻ
ടി. എൻ. രാമൻപിള്ള
പി. ജി. ചന്ദ്രശേഖരൻ നായർ
സി. ജെ. ശിവശങ്കരൻ
ഡോ. കെ. ബി. പവിത്രൻ
ജോർജ്
ഡോ. രാജേന്ദ്രൻ
ജോണി കെ. ജോൺ

മുഖചിത്രം
എ കെ പി സിടി എ
സംസ്ഥാന കമ്മിററി ഓഫീസിന്റെ പ്ലാൻ

കേരളയൂണിവേഴ്സിററി വൈസ് ചാൻസ്സല റുടെ വ്യാജ ഡിഗ്രി പ്രശ്നം. അന്വേഷണം നടത്തിയപ്പോഴം, ഒററാലിൽ കിടക്കുന്നതിനേക്കാഠം മടയിലുണ്ട് എന്നു പറഞ്ഞ പോലെ, കൂടുതൽ കള്ളത്തരങ്ങഠം തെളിഞ്ഞുവരികയാണുണ്ടായത്. അങ്ങനെയുള്ള ഒരാളെ ഇത്രപ്പെട്ടന്ന് തിരിച്ചെടുത്തതിൻെറ പിന്നിൽ പ്രവർത്തിച്ച അഴിമതി വീരൻമാരും ശിക്ഷിക്കപ്പെടേണ്ടതാണ്. വ്യാജമാർക്കു ലിസ്ററുകഠം ചമച്ച അശോകൻ കേരള യൂണിവേഴ്സിററിയ്ക്ക് ആഗോളതലത്തിൽ വരുത്തിവച്ച പേരുദോഷം കുറച്ചൊന്നുമല്ല. ഇപ്പോഴിതാ വിളനിലം. അശോകൻ വെറുമൊരു ക്ലാർക്കായിരുന്നു. വിളനിലമാകട്ടെ തലപ്പത്തിരിക്കുന്ന വൈസ്ചാൻസ്ലറും. അടിമുതൽ മുടിവരെ എന്ന ശൈലി അന്വർത്ഥമാക്കാനാകാം വിളനിലം വന്നത്. ഏതായാലും ഇത് കേരളം സഹിക്കില്ല. ഒരു നിമിഷം മുമ്പേ വിളനിലം സ്ഥാനം ഒഴിയണം. □

# ദുരിതമനുഭവിക്കുന്നവരെ സഹായിക്കുക

പ്രളയക്കെടുതികളുടെ ഒരു ദുരന്തഭൂമിയായി കേരളം മാറിയിരിക്കുകയാണ്. അടുത്തടുത്തുണ്ടായപേമാരിയിലും ഉരുഠംപൊട്ടലിലും മരിച്ചവർ നിരവധിയാണ്. ഒട്ടേറെപ്പേരെ കാണാതായി. ആയിരക്കണക്കിനാളുകഠം അഭയാർത്ഥികളായി. പാലങ്ങളും റോഡുകളുമെല്ലാം തകർന്നു. ഡാമുകഠംവരെ അപകടപ്പെട്ടു. കൃഷിയിടങ്ങളെല്ലാം നശിച്ചു. അടുത്തകാലത്തൊന്നും ഇത്ര വലിയ നാശം കേരളത്തിലുണ്ടായിട്ടില്ല.

മററെല്ലാം മറന്ന്, നാടിൻെറ ഈ ദുഃഖം ഏററുവാങ്ങുവാൻ എല്ലാവരും തയ്യാറാകണം. അനാഥരും അഭയാർത്ഥികളുമായിത്തീർന്നവർക്ക് അൽപ്പമെങ്കിലും ആശ്വാസമെത്തിക്കാൻ നമുക്കു കഴിയണം. കോളേജുകളിൽ അധ്യാപകർക്കും വിദ്യാർത്ഥികഠംക്കും ഇക്കാര്യത്തിൽ വലിയ പങ്കു വഹിക്കാനാകും. വസ്ത്രങ്ങളും, പണവും, മററു സഹായങ്ങളും നൽകുന്നതിന് ഓരോ കോളേജിലും കൂട്ടായി ആലോചിച്ച് സംവിധാനമുണ്ടാക്കണം.

എകെപിസിടിഎ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ആദ്യഗഡുവായി പതിനായിരം രൂപ നല്കിക്കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം പ്രാദേശികമായി നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിലും എകെപിസിടിഎ പ്രവർത്തകരുടെ ആത്മാർത്ഥമായ പങ്കാളിത്തമുണ്ടാകണം.

# കരുനാഗപ്പള്ളി സംഭവം അതിശക്തമായ പ്രതിഷേധം

ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജ് അധ്യാപകൻ ജയപ്രകാശിനേയും വിദ്യാർത്ഥികളേയും പോലീസ് ക്രൂരമായി മർദ്ദിച്ചതിൽ എകെപിസിടിഎ അതിശക്തമായി പ്രതിഷേധിച്ചു. എല്ലാ കോളേജുകളിലും പ്രതിഷേധയോഗങ്ങഠം നടക്കുകയുണ്ടായി. മർദ്ദകവീരനായ എസ്. ഐ.യെ സസ്പെൻറു ചെയ്ത് അന്വേഷണം നടത്തണമെന്ന് ബ്രാഞ്ചുകഠം പ്രമേയംവഴി ഗവൺമെൻറിനോടാവശ്യപ്പെട്ടു.

ശാസ്താംകോട്ട കോളേജധ്യാപകർ ഒന്നടങ്കം പ്രിൻസിപ്പലിൻെറ നേതൃത്വത്തിൽ സമരരംഗത്തുവന്നു. നാട്ടിലുടനീളം സമരം ശക്തമായപ്പോഴാണ് എസ്. ഐ.യെ സസ്പെൻറു ചെയ്തുകൊണ്ട് അന്വേഷണം നടത്തണമെന്നുള്ള ആവശ്യത്തിന് സർക്കാർ വഴങ്ങിയത്.

എകെപിസിടിഎ ജനറൽ സെക്രട്ടറിയുമുൾപ്പടെയുള്ള ഭാരവാഹികഠം ശാസ്താംകോട്ടയിലെത്തി പ്രതിഷേധ സമരത്തിൽ പങ്കുചേർന്നു. □

# ഏകീകൃത സർവകലാശാലാ നിയമം ആർക്കുവേണ്ടി ?

ടി. എൻ. രാമൻപിള്ള,
ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുന്ന ഒരു നിയമം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഇന്ന് നിലവിലുള്ള കേരള, കാലിക്കററ് സർവകലാശാലാ നിയമങ്ങളെ തകിടം മറിക്കുന്ന രീതിയിലാണ് പുതിയനിയമം കൊണ്ടുവരാൻ സർക്കാർ തുനിയുന്നത്. സർവകലാശാലകളുടെ ജനാധിപത്യ സ്വഭാവം ഇല്ലാതാക്കുന്ന ഏകീകൃത നിയമം അടുത്ത നിയമസഭയിൽ തന്നെ കൊണ്ടുവരുമെന്ന് വിദ്യാഭ്യാസ മന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് കേരള സർവ്വകലാശാലാ തെരഞ്ഞെടുപ്പ് അനന്തമായി നീട്ടിവച്ചത്. (തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കാനുള്ള ഉത്തരവ് ബഹു: കേരള ഹൈക്കോടതി റദ്ദുചെയ്തിരിക്കുകയാണ്).

ഏകീകൃത സർവകലാശാലാ നിയമം കൊണ്ടുവരാൻ സർക്കാർ ഉന്നയിക്കുന്ന പ്രധാന വാദങ്ങൾ:

1. സർവ്വകലാശാലകളുടെ സ്വയംഭരണവും സാമ്പത്തിക രംഗത്തെ ഉത്തരവാദിത്വവും ഉറപ്പുവരുത്തുക.
2. സർവ്വകലാശാലകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തുക.
3. ഭരണസമിതികളുടെ അധികാരംനിർണ്ണയിക്കുക.
4. പരീക്ഷാ സംവിധാനം പുനഃസംഘടിപ്പിക്കുകയും പരീക്ഷകൾക്ക് ഒരേകീകൃത കലണ്ടർ തയ്യാറാക്കുകയും ചെയ്യുക,
5 ഗവൺമെൻറിനെ കൂടുതൽ ആശ്രയിക്കാതെ സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുക.
6. സ്വയംഭരണ കോളേജുകൾ സ്ഥാപിക്കുകയും, സർവകലാശാലാ ഡിപ്പാർട്ടുമെൻറുകൾക്ക് കൂടുതൽ സ്വാതന്ത്ര്യംനൽകുകയും ചെയ്യുക.
7. സർവകലാശാലകളേയും സർക്കാരിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സംസ്ഥാനതല കോ-ഓർഡിനേററിംഗ് ഏജൻസി രൂപീകരിക്കുക.
8. സർവകലാശാലകളിലെ നയരൂപീകരണ പ്രക്രിയ ത്വരിതപ്പെടുത്തുക.
9. ഭരണസമിതികളിൽ നോമിനേററു ചെയ്യപ്പെട്ടതും തെരഞ്ഞെടുക്കപ്പെട്ടതുമായഅംഗങ്ങൾ ഉണ്ടായിരിക്കുക.
10. അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടേയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തുക.
11. സമൂഹത്തോടുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിക്കുംവിധത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് മാററങ്ങൾ വരുത്തുക.
12. വ്യവസായിക സ്ഥാപനങ്ങളോടുള്ള ബന്ധം വളർത്തുക.

നിലവിലുള്ള കേരളാ കാലിക്കററ് സർവ്വകലാശാലാ നിയമങ്ങൾ പരിശോധിച്ചാൽ ഏകീകൃത നിയമം കൊണ്ടുവരുന്നതിന് സർക്കാരുന്നയിച്ചിട്ടുള്ള വാദങ്ങൾ നിരർത്ഥകമാണെന്നും നിലവിലുള്ള ഭരണകക്ഷികളുടെ സ്ഥാപിത താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണെന്നും വ്യക്തമാണ്. മാത്രവുമല്ല, ഇവ പ്രതിലോമകരവും പൂർവ്വാപര വൈരുധ്യങ്ങൾ നിറഞ്ഞവയുമാണ്. കേരള, കാലിക്കററ് സർവകലാശാലാ നിയമമനുസരിച്ച് സെനററാണ്

പരമാധികാര സഭ സെനററ് തെരഞ്ഞെടുക്കുന്ന സിൻഡിക്കേററാണ് ഭരണസമിതി. സിൻഡിക്കേററിന് സെനററിനോട് പൂർണ്ണമായ ഉത്തരവാദിത്വം ഉണ്ട്. ഇതിൽനിന്ന് സർവകലാശാലയുടെ സ്വയംഭരണം ഉറപ്പുവരുത്തുന്ന നിയമമാണ് നിലവിലുള്ളത് എന്ന് വ്യക്തമാണല്ലോ. അതുപോലെതന്നെ സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ സിൻഡിക്കേററിൻെറ നിർദ്ദേശാനുസരണം തയ്യാറാക്കി ഓഡിററിനുവേണ്ടി ഗവൺമെൻറിന് സമർപ്പിക്കണം. കൂടാതെ വാർഷിക റിപ്പോർട്ടും ആഡിററ് റിപ്പോർട്ടും പരമാധികാര സഭയായ സെനററംഗീകരിക്കേണ്ടതും ഉണ്ട്. സർവകലാശാലയുടെ പ്രവർത്തനത്തെപ്പററി അന്വേഷിക്കുന്നതിന് ഏതു സമയത്തും കമ്മിഷനെ വയ്ക്കുന്നതിന് സർക്കാരിനധികാരം നൽകിയിരിക്കുന്നു. പത്തു വർഷത്തിലൊരിക്കൽ നിർബന്ധമായും കമ്മിഷനെ നിയമിക്കുകയും വേണം. കമ്മിഷൻ റിപ്പോർട്ട് സെനററ് പരിഗണിക്കുകയും, സെനററിൻെറ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തീരുമാനങ്ങൾ സർക്കാരിന് കൈക്കൊള്ളാവുന്നതുമാണ്.

സർവകലാശാലാ സമിതികളായ സെനററ് സിൻഡിക്കേററ്, അക്കാദമിക് കൗൺസിൽ, ഫാക്കൽററി, ബോർഡ് ഓഫ് സ്ററഡീസ് ഇവയുടെ അധികാരങ്ങൾ നിലവിലുള്ള നിയമങ്ങളിൽ വ്യക്തമായി നിർവചിച്ചിട്ടുണ്ട്.

പരീക്ഷാസംവിധാനത്തിൽ കാലോചിതമായ മാററം വരുത്തുന്നതും പരീക്ഷകൾക്ക് ഏകീകൃത കലണ്ടർ ഉണ്ടാക്കുന്നതും ഭരണപരമായ നടപടി മാത്രമാണ്. സർവകലാശാലാ ഭരണസമിതികളിൽ ഗവൺമെൻറ് പ്രതിനിധികൾക്ക് മതിയായ പ്രാതിനിധ്യം (ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, കോളേജു വിദ്യാഭ്യാസ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ തുടങ്ങിയവർ) നിലവിലുള്ള നിയമത്തിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. ഭരണസമിതി യുക്തമായ തീരുമാനമെടുത്ത് നടപ്പിലാക്കി പരീക്ഷാ സംവിധാനത്തിലുള്ള അപാകത പരിഹരിക്കാവുന്നതാണ്. വിവിധ സർവകലാശാലകളുടെ പരീക്ഷകൾക്ക് ഏകീകൃത കലണ്ടർ ഉണ്ടാക്കുന്നതിന് ഇന്ന് നിലവിലുള്ള സംവിധാനം-ഇൻറർ യൂണിവേഴ്സിററി കൺസൾട്ടേററീവ് കമ്മററി–ഫലപ്രദമായി ഉപയോഗിച്ചാൽ മതി. ഇതിനുപുറമെ കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശം നൽകുന്നതിന് സർക്കാരിനധികാരമുണ്ട്. ഗവർണ്ണറാണ് സർവകലാശാലയുടെ ചാൻസിലർ, വിദ്യാഭ്യാസ മന്ത്രി പ്രോ-ചാൻസലറും. പരീക്ഷാ സംവിധാനവും സർവകലാശാലയുടെ ഘടനയുമായി ഒരു ബന്ധവുമില്ല. ഇക്കാര്യത്തിനുവേണ്ടി ഘടനാപരമായി മാററം വരുത്തുന്ന ഒരു നിയമം വേണമെന്ന വാദം നിരർത്ഥകമാണ്.

കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ, യു. ജി. സി. എന്നിവയിൽനിന്നുള്ള ഗ്രാൻറ്, വായ്പ, വിദ്യാർത്ഥികളിൽ നിന്നുലഭിക്കുന്ന ഫീസ് എന്നിവയാണ് സർവകലാശാലയുടെ മുഖ്യ വരുമാനം. ഇതിനുപുറമെ സംഭാവന സ്വീകരിക്കുന്നതിനുള്ള അധികാരവും നിലവിലുള്ള നിയമമനുസരിച്ച് സർവ്വകലാശാലകൾക്കുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ നിന്നോ, ഗവേഷണ സ്ഥാപനങ്ങളിൽ നിന്നോ സംഭാവന സ്വീകരിക്കുന്നതിന് ഇന്നൊരു നിയമ തടസ്സവുമില്ല. ഏതു നിയമം ഉണ്ടാക്കിയാലും നികുതി ചുമത്തി സർവകലാശാലകൾക്ക് വരുമാനം വർദ്ധിപ്പിക്കാൻ കഴിയില്ല. ഉന്നത വിദ്യാഭ്യാസം രാജ്യത്തിൻെറ വികസനവുമായി ബന്ധപ്പെട്ടതാണ്. അക്കാരണത്താൽ തന്നെ ഈ രംഗത്തുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ഏറെറടുക്കുക എന്നുള്ളത് സർക്കാരിൻെറ കടമയാണ്. എങ്ങിനെയുള്ള നിയമം കൊണ്ടുവന്നാലും ഈ ബാദ്ധ്യതയിൽ നിന്നൊഴിയാൻ സർക്കാരിനാവില്ല.

അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നിയമാധിഷ്ഠിതമായ കുററമററ ഒരു സംവിധാനം ഇന്ന് നിലവിലുണ്ട്. യൂണിവേഴ്സിററി–അപ്പലേററ് ട്രൈബ്യൂണൽ.

സ്വയംഭരണ കോളേജുകൾ സ്ഥാപിക്കുകയും സർവകലാശാലാഡിപ്പാർട്ടുമെൻറുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുകയും ചെയ്യുക എന്നുള്ളതാണ് ഏകീകൃത നിയമം കൊണ്ടുവരുന്നതിനുന്നയിച്ചിരിക്കുന്ന മറെറാരു വാദം. സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് വലിയ വിവാദം നടക്കുന്ന സന്ദർഭമാണിത്. തെ

ട്ടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ പരീക്ഷിച്ച് പരാജയമടഞ്ഞതാണ് സംവിധാനം. സ്വയംഭരണ കോളേജുകളുടെ പ്രവർത്തനത്തെപ്പറ്റി പഠിക്കാൻ നിയുക്തമായ കമ്മിററിയുടെ റിപ്പോർട്ട് അസോസിയേഷൻ ഓഫ് ഇൻഡ്യൻ യൂണിവേഴ്സിററീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്: ആ റിപ്പോർട്ടിൽ സ്വയംഭരണ കോളേജുകളുടെ ഗുണദോഷങ്ങൾ വിലയിരുത്തിയിട്ട് ഇത്തരത്തിലുള്ള കോളേജുകൾ ആശാവഹമായ പ്രവർത്തനമല്ല കാഴ്ചവയ്ക്കുന്നത് എന്ന നിഗമനത്തിലാണെത്തിയിരിക്കുന്നത്. മാത്രമല്ല, കൂടുതൽ സ്വയംഭരണ കോളേജുകൾ രൂപീകരിക്കുന്നതിനനുകൂലമായ നിലപാടല്ല കമ്മിററി സ്വീകരിച്ചിരിക്കുന്നതും. കേരളത്തെ സംബന്ധിച്ചിടത്തോളം നിഗ്രഹാനുഗ്രഹശക്തിയുള്ള സ്വകാര്യമാനേജർമാരുടെ കൈകളിലേയ്ക്ക് സ്വയംഭരണ കോളേജുകൾ കൂടി കൊടുത്താലത്തെ കഥ എന്തായിരിക്കും? കോളേജുകൾക്ക് നൽകുന്ന സ്വയംഭരണ അക്കാദമിക്സിനാവില്ല മറിച്ച് മാനേജ്മെൻറുകൾക്കായിരിക്കും. കേരളത്തിലെ സാഹചര്യത്തിൽ സ്വയംഭരണ കോളേജുകൾ ഒരുവിധത്തിലുംഅംഗീകരിക്കാനാവില്ല. മാത്രമല്ല സ്വയംഭരണം കോളേജുകളും സർവകലാശാലാ സമിതികളുടെ ഘടനയുമായും യാതൊരു ബന്ധവുമില്ല. ഡിപ്പാർട്ടുമെൻറുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകി വികേന്ദ്രീകരണമാണുദ്ദേശിക്കുന്നതെങ്കിൽ അതൊരു സ്ററാററ്യൂട്ട് ഭേദഗതിമൂലം നടക്കിലാക്കാവുന്നതേയുള്ളു 'സ്ററാററ്യൂട്ട്' ഭേദഗതി വരുത്താൻ സെനററിനധികാരവുമുണ്ട്.

സർവ്വകലാശാലകളേയും സർക്കാരിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സംസ്ഥാനതല ഏജൻസി രൂപീകരിക്കുന്നതിനും നിലവിലുള്ള നിയമം വിഘാതമല്ല. പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്ത് സംസ്ഥാനത്തിൻെറ ആകെ വികസനത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് വിദ്യാഭ്യാസ വിചക്ഷണന്മാരടങ്ങുന്ന ഒരുപദേശക സമിതിയായിരിക്കണം ഈ ഏജൻസി. പക്ഷേ ഏകീകൃത നിയമം കൊണ്ടുവന്ന് രൂപീകരിക്കപ്പെടുന്ന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സർവ്വകലാശാലകളുടെ മേൽ ഒരുന്നതാധികാര സമിതിയായി പ്രവർത്തിക്കുന്ന സ്ഥിതിവിശേഷമാണാണ്ടാകുക. ഉദ്യോഗസ്ഥ മേധാവിത്വത്തിലൂടെ സർവ്വകലാശാലകളെ സർക്കാരിൻെറ ഒരു ഡിപ്പാർട്ടുമെൻറായി തരം താഴ്ത്തുന്ന നടപടിയായിരിക്കും പ്രായോഗികമായി നിലവിൽ വരുക.

വസ്തുത ഇതായിരിക്കെ എന്തിനാണ് ഏകീകൃത സർവ്വകലാശാലാ നിയമം കൊണ്ടുവരുന്നത്? സർവ്വകലാശാലകളിൽ നിലനിൽക്കുന്ന ജനാധിപത്യ സംവിധാനം മററ് മേഖലകളിൽ ചെയ്തതുപോലെ, ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യമാണ് ഇതിൻെറ പിന്നിലുള്ളത്.

കേരളാ കാലിക്കററ് സർവ്വകലാശാലകൾക്ക് ഇന്നുള്ള നിയമം കോത്താരി കമ്മിററി (മോഡൽ ആക്ട്കമ്മിററി) വിഭാവന ചെയ്ത രൂപത്തിലുള്ളതാണ്. ജനാധിപത്യവത്ക്കരിക്കപ്പെട്ട സ്വയംഭരണം എന്നതായിരിക്കണം സർവ്വകലാശാലാ നിയമങ്ങളുടെ അന്തസത്ത എന്നതാണ് മോഡൽ ആക്ട് കമ്മിററി ശുപാർശ. സെനററ് (കോർട്ട്) അക്കാമീഷ്യൻസിൻെറയും സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളുടെയും ആശയാഭിലാഷങ്ങൾ പ്രതിഫലിക്കുന്ന സമിതിയായിരിക്കണം. ചുരുക്കത്തിൽ സെനററ് എന്നുള്ളത് സമൂഹത്തിൻെറ ഒരു ക്രോസ്സെക്ഷൻ ആവണം. അതോടൊപ്പം പരമാധികാര സഭയും. അതുകൊണ്ടാണ് സെനററ്, അധ്യാപകർ, രജിസ്ട്രേഡ് ഗ്രാഡ്വേററ്സ്, ട്രേഡ് യൂണിയൻസ്, ലോക്കൽ ബോഡീസ്, എം.എൽ.എ.മാർ, വിദ്യാർത്ഥികൾ, വിദ്യാഭ്യാസ വിചക്ഷണന്മാർ തുടങ്ങി സമൂഹത്തിൻെറ വിവിധ മേഖലയിലുള്ള ആൾക്കാരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട സമിതിയായിരിക്കണം എന്ന് നിശ്ചയിച്ചത്. സെനററിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട സമിതിയായിരിക്കണം സിൻഡിക്കേററ്. എങ്കിൽ മാത്രമേ സിൻഡിക്കേററിന് സെനററിനോട് വിധേയത്വമുണ്ടാകുകയുള്ളു. സിൻഡിക്കേററിൽ അധ്യാപകരുടെയും അനധ്യാപകരുടെയും സംഖ്യ തുല്യമായിരിക്കണം.

സർവ്വകലാശാലയുടെ പ്രധാന ഉദ്ദേശലക്ഷ്യം രാഷ്ട്രത്തിൻെറ പൂർണ്ണമായ വികസനത്തിനാവശ്യമായ സംഭാവന നൽകുക എന്നുള്ളതാണ്. സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശികമായി സമൂഹത്തിൻെറ വികാ


രീതിയിൽ ഗവേഷണം
സത്തിനുപകരിക്കുന്ന
നടത്തുക, കോഴ്സുകൾ ആവിഷ്കരിക്കുക
തുടങ്ങിയവയായിരിക്കണം, സർവ്വകലാശാല
യുടെ ലക്ഷ്യം. ദന്ത ഗോപുരവാസികളായ അ
ക്കാഡമിഷ്യൻസ് മാത്രമാണ് സർവ്വകലാശാലാ
ഭരണസമിതികളിലുള്ളത് എങ്കിൽ അവരുടെ
നിക്ഷിപ്ത താത്പര്യം മാത്രമായിരിക്കും
കണക്കിലെടുക്കുക: ഈ വിഭാഗത്തിന് സമൂ
ഹത്തോടുള്ള ബന്ധവും പരിമിതമായിരിക്കും.
അതുകൊണ്ടാണ് സമൂഹത്തിൻെറ ആശയാഭി
ലാഷങ്ങൾ പ്രതിഫലിപ്പിക്കുന്നതിന് വിവിധ
ജനവിഭാഗങ്ങളുമായി നിരന്തര ബന്ധമുള്ള
ആൾക്കാർ കൂടി സർവ്വകലാശാലാ ഭരണസമി
തികളിലുണ്ടായിരിക്കണം എന്ന് കോത്താരി
കമ്മിററി നിർദ്ദേശിച്ചത്. അക്കാദമിഷ്യൻ
സിൻെറ പ്രാഗത്ഭ്യവും സമൂഹത്തിലെ വിവി
ധജനവിഭാഗങ്ങളുടെആശയാഭിലാഷങ്ങളും കോ
ർത്തിണക്കി സമൂഹത്തിൻെറപൂർണ്ണമായ വികാ
സത്തിനാവശ്യമായ പ്രവർത്തനം നടത്തുന്നതിനു
വേണ്ടിയാണ് സർവ്വകലാശാലാ ഭരണസമിതിക
ളിൽ ഈ രണ്ടുവിഭാഗത്തിൻെറയും പ്രതിനിധി
കളുണ്ടാവണം എന്ന് നിശ്ചയിച്ചത്.

പൂർണ്ണമായും തെരഞ്ഞെടുക്കപ്പെട്ട സമി
തികളായിരിക്കണം സർവ്വകലാശാലാഭരണം നി
ർവഹിക്കേണ്ടത് എന്നായിരുന്നു കോത്താരി ക
മ്മിററി ശുപാർശ. എന്നാൽ അതിനുശേഷംവന്ന
ഗജേന്ദ്രഗാഡ്കർ കമ്മിഷൻ നിർദ്ദേശിച്ചത്
തെരഞ്ഞെടുപ്പിനോട്ടൊപ്പം പരിമിതമായ തോ
തിൽ നോമിനേഷൻ കൂടി നടത്തണമെന്നാണ്.
കാരണം പ്രഗത്ഭമതികൾ പലപ്പോഴും തെര
ഞ്ഞെടുപ്പിൽ മത്സരിക്കാൻ വിമുഖരായിരി
ക്കും. ആവരേക്കൂടി ഉൾക്കൊള്ളുന്നതായിരിക്ക
ണം സർവ്വകലാശാലയുടെ പരമാധികാരസഭ.

ഈ നിർദ്ദേശങ്ങൾ പൂർണ്ണമായും കണ
ക്കിലെടുത്തുകൊണ്ടാണ് കേരള (1974), കാലി
ക്കററ് (1975) സർവ്വകലാശാലാ നിയമങ്ങൾക്ക്
രൂപം നൽകിയിരിക്കുന്നത്. മാത്രമല്ല ഇൻ
ഡ്യയിലാദ്യമായി വിദ്യാർത്ഥികൾക്ക് സർവ്വ
കലാശാല ഭരണസമിതികളിൽ പ്രാതിനിധ്യം
നൽകിയതും കേരള, കാലിക്കററ് സർവ്വകലാ
ശാലാ നിയമങ്ങൾ മുഖേനയാണ്.

1982-ലാണ് യു. ജി.സി. നിയമം ഭേദഗ
തി ചെയ്തത്. ആ നിയമത്തിൻെറ അടിസ്
ഥാനത്തിലാണ് സർവ്വകലാശാലകൾക്ക് നോമി
നേററഡ് ഭരണസമിതികളായിരിക്കണം എന്ന്
നിഷ്കർഷയുണ്ടായത്. അതും 1982-നുശേഷം
വന്നസർവ്വകലാശാലകൾക്ക് മാത്രംമതിതാനും.
അതിന് മുൻപ് നിലവിൽവന്ന സർവ്വകലാശാ
ലകൾക്ക് അവ രൂപീകരിക്കപ്പെട്ട
നിയമങ്ങളുടെ അടിസ്ഥാനത്തിൽ
തന്നെ തുടരുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം
ഉണ്ട്. അങ്ങനെയുള്ള സർവകലാശാലകൾക്ക്
അർഹതപെട്ട ഗ്രാൻറ് നിഷേധിക്കുകയോ, അ
വയുടെമേൽ മററു നിബന്ധനകൾ അടിച്ചേ
ല്പ്പിക്കുകയോ ചെയ്യുന്നതല്ല. യു. ജി. സി.
ഭേദഗതി നിയമത്തിൽ സർവ്വകലാശാലകൾക്ക്
നോമിനേററഡ് സിൻഡിക്കേററും ഉപദേശക
സ്വഭാവം മാത്രമുള്ള സെനററും ആയിരിക്കണം
എന്ന നിബന്ധന വന്നതുതന്നെ ഗവേണൻസ്
ഓഫ് സെൻട്രൽ യൂണിവേഴ്സിററീസിനെ
പ്പററി പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട മാ
ധുരിഷാ കമ്മിഷൻ റിപ്പോർട്ടിൻെറ അടിസ്
ഥാനത്തിലാണ്. ആ റിപ്പോർട്ടിൽത്തന്നെ
ഇതൊരു പരീക്ഷണമാണെന്നും സൂചി
പ്പിച്ചിട്ടുണ്ട്. ഏകീകൃത സർവകലാശാല നി
യമം വന്നാൽ തെരഞ്ഞെടുക്കപ്പെട്ടതും നോമി
നേററ് ചെയ്യപ്പെട്ടതുമായ അംഗങ്ങളായിരിക്കും
ഭരണസമിതിയായ സിൻഡിക്കേററിലുണ്ടാവുക
എന്ന വാദം ബോധപൂർവം പൊതുജനങ്ങളെ
തെററിദ്ധരിപ്പിക്കുവാൻ വേണ്ടിമാത്രം ഉന്ന
യിച്ചിരിക്കുന്നതല്ലേ? യു. ജി. സി. യുടെ പു
ത്തൻ നിർദ്ദേശമനുസരിച്ച് 1982-നു മുൻ
പ് നിലവിൽവന്ന സർവകലാശാലാ നിയമ
ങ്ങളിൽ മാററം വരുത്തുകയോ, പുതിയ നിയ
മം കൊണ്ടുവരുകയോ ചെയ്താൽ സർവകലാ
ശാലാ ഭരണസമിതി പൂർണ്ണമായും നോമിനേ
ററഡ് അംഗങ്ങൾ ഉൾക്കൊള്ളുന്നതായിരിക്ക
ണം. അല്ലാത്തപക്ഷം യു. ജി. സി. അംഗീ
കാരം നൽകുകയോ ധനസഹായം നൽ
കുകയോ ചെയ്യില്ല. ഇന്ന് ലഭിക്കുന്ന
പരിമിതമായ സഹായധനംപോലും നിഷേധി
ക്കപ്പെടും. അതിൻെറ പരിണിതഫലം ഇപ്പോൾ
തന്നെ സാമ്പത്തിക പ്രതിസന്ധിയിൽ നട്ടംതി
രിയുന്ന സർവ്വകലാശാലകൾ കൂടുതൽ ആഴത്തി
ലുള്ള സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടുഴ
ലുന്നവയായിരിക്കും. ആ പ്രതിസന്ധി ഒഴിവാക്കു


## പ്രദീപിന് ഡോക്ടറേററ്



മട്ടന്നൂർ എൻ. എസ്. എസ്. കോളേജ്
കെമിസ്ട്രി അധ്യാപകൻ കെ. പ്രദീപ്
കുമാറിന് കാലിക്കട്ട് സർവ്വകലാശാലയിൽ
നിന്നും ഡോക്ടറേററ് ലഭിച്ചു.

എറണാകുളത്തു ചേർന്ന കോ-ഓർഡിനേ
ഷൻ കൗൺസിൽ യോഗം പ്രദീപിനെ അനു
മോദിച്ചു.

## ദയാനന്ദന് ഡോക്ടറേററ്



കൊല്ലം ടി. കെ. എം. ആർട്സ് ആൻറ്
സയൻസ് കോളേജ് കോമേഴ്സ് അധ്യാപ
കൻ എം. എൻ. ദയാനന്ദന് കേരളസർവ്വകലാ
ശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു.
പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന
കശുവണ്ടി വികസന കോർപ്പറേഷൻെറ പ്രവർ
ത്തനത്തെക്കുറിച്ചുള്ള ഒരു വിലയിരുത്തലാ
യിരുന്നു പ്രബന്ധം.

എ കെ പി സി ടി എ യുടെ സജീവപ്രവർ
ത്തകനാണ് ദയാനന്ദൻ.

---

തിന് യു.ജി.സി. നിർദ്ദേശം ആപ്പാടെ അം
ഗീകരിച്ച് പൂർണ്ണമായും നോമിനേററഡ് അംഗ
ങ്ങടം ഉരംക്കൊള്ളുന്ന ഭരണസമിതി രൂപീകരി
ക്കേണ്ടിവരും. ഏകീകൃത നിയമത്തിമൻെറ പി
ന്നിൽ പ്രവർത്തിക്കുന്നവർ ഈ വസ്തുത
ബോധപൂർവ്വം മറച്ച്വച്ച് തെററിദ്ധാരണ പര
ത്തി ജനാധിപത്യ സംവിധാനം തകർത്ത് തങ്ങ
ളുടെ പാർശ്വവർത്തികളെ സർവ്വകലാശാലാ ഭര
ണാധികാരികളാക്കുന്നതിനുള്ള ഗൂഢശ്രമ
മാണ് നടത്തുന്നത്.

1986-ലെ പുത്തൻ വിദ്യാഭ്യാസ നയ
ത്തിൻെറ അടിസ്ഥാനത്തിലുള്ള പരിഷ്ക്കാര
ങ്ങടം വിലയിരുത്തി അതിന് കാലോചിതമായ
മാററങ്ങടം നിർദ്ദേശിക്കുന്നതിനും, വി. പി.
സിംഗ് ഗവൺമെൻറ് നിയമിച്ച ആചാര്യ രാമ
മൂർത്തി കമ്മിററിയും ആ കമ്മററിയുടെ റിപ്പോ
ർട്ടിനെ വിലയിരുത്തുന്നതിന് നരസിംഹറാവു
ഗവൺമെൻറ് നിയമിച്ച ജനാർദ്ദനറെഡ്ഡി
കമ്മിഷനും സർവ്വകലാശാല സ്വയംഭരണവും
ജനാധിപത്യവും ഉയർത്തിപ്പിടിക്കണമെന്ന കാ
ര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു.

പുത്തൻ സാമ്പത്തിക, വ്യാവസായിക നയ
ങ്ങളുടെ ചുവടുപിടിച്ച് ഉന്നത വിദ്യാഭ്യാസ
മേഖലയിലും അധ്യാപകരുടേയും ജീവനക്കാരു
ടേയും സേവനഭദ്രത ഇല്ലാതാക്കുക എന്ന ലക്
ഷ്യവും ഏകീകൃത സർവ്വകലാശാലാ നിയമം
കൊണ്ടുവരുന്നതിൻെറ പിന്നിലുണ്ട്.

തെരഞ്ഞെടുക്കപ്പെടുന്ന വൈസ്ചാൻസല
റായിരിക്കണം സർവ്വകലാശാലയ്ക്കുണ്ടായിരി
ക്കേണ്ടത് എന്ന നിയമം നിലനിൽക്കുന്ന ഈ
രാജ്യത്ത് (കൽക്കട്ടാ സർവ്വകലാശാ നിയമം)
നിലവിലുള്ള ജനാധിപത്യ സംവിധാനം തകർ
ക്കാനുള്ള നീക്കം ഉന്നതവിദ്യാഭ്യാസമേഖലയെ
പരിപോഷിപ്പിക്കാനല്ല മറിച്ച് സ്വാർത്ഥ താ
ത്പര്യം സംരക്ഷിക്കാൻ വേണ്ടി മാത്രമാണ്.
തെരഞ്ഞെടപ്പിൽ കൂടി അധികാരത്തിൽ വന്ന
വർ മറെറാരുമേഖലയിലും ജനാധിപത്യ സംവി
ധാനം പാടില്ല എന്ന് ശഠിക്കുന്നത് വിരോധാ
ഭാസമല്ലേ? □

എൻ. മോഹനൻ

# രണ്ടാഴ്ച കഴിഞ്ഞ്

അന്ന് ജോലിസ്ഥലത്തേക്ക് പോകുന്നതിനായി ഇറങ്ങുമ്പോഴും അമ്മ വീണ്ടും അക്കാര്യം ഓർമ്മിപ്പിച്ചിരുന്നു. അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. അനിയത്തിയുടെ വിഷാദപൂരിതമായമുഖം തന്നെ ഓർമ്മപ്പെടുത്തലായിരുന്നു. അല്ലെങ്കിൽ, എന്തിനിമ്മാതിരി ഓർമ്മപ്പെടുത്തലുകളൊക്കെ അതൊന്നുമില്ലാതെ തന്നെ, എത്ര പ്രാവശ്യമായി താനിങ്ങനെ...പറഞ്ഞാൽ അവർക്കാർക്കും മനസിലായെന്നു വരില്ല. തനിക്കുതന്നെ മനസിലാവുന്നില്ലല്ലൊ.

ഒരു പ്രൈവറ്റ് കോളേജദ്ധ്യാപകന്റെ മരണം. അയാളുടെ അനാഥയായ വിധവയ്ക്ക് സർക്കാരിൽ നിന്നു ബാക്കികിട്ടേണ്ടതായ അവകാശങ്ങൾക്കുവേണ്ടിയുള്ള ഈ കാത്തിരിപ്പ്. സർക്കാർ സ്ഥാപനങ്ങളിലുമൊക്കെയായി പ്രവർത്തിച്ചിരുന്ന എത്രയോ ആളുകളുടെ വീടുകളിൽ ഈ പ്രശ്നമുണ്ടാവും. അതങ്ങനെയാണ്, സർക്കാരിന്റെ രാജ്യഭരണത്തിന്റെ വക്രവും ദീർഘവുമായ ന്യായവും വിധിയുമാണ്, എന്നെങ്കിലും കിട്ടിയാൽ മഹാഭാഗ്യമായി എന്ന് സമാധാനിക്കുവാനുള്ള മനസ്ഥിതി ഉണ്ടായാൽ മാത്രംമതി. എന്നാൽ സ്ഥിതി ഇവിടെ അതല്ല. അനിയത്തിക്ക് കുട്ടികൾ നാലുണ്ട്. അവരുടെ ഭക്ഷണം, വസ്ത്രം, പഠിത്തം, എല്ലാം തന്റെ ചെറിയ ശമ്പളത്തിൽനിന്നുവേണ്ടിവരുന്നു. അത്, ഭാര്യയും കുട്ടിയും അമ്മയുമുള്ള സ്വന്തം വീട്ടിലും വരവുചെലവുകളുടെ താളപ്പിഴകളും അസ്വാസ്ഥ്യങ്ങളും സൃഷ്ടിക്കുന്നു.

അനിയത്തിയുടെ ഭർത്താവിന്റെ മരണം മൂലം ഒരു കുടുംബത്തിന്റെ ആലംബമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. കുടുംബ പെൻഷനും ഗ്രാറ്റിവിറ്റിയും പ്രോവിഡന്റ് ഫണ്ടും ഇൻഷ്വറൻസും എല്ലാം സമയത്തിനുകിട്ടിയിരുന്നുവെങ്കിൽ ആ കുടുംബത്തിന് സമാശ്വാസമായി എന്നത് മാത്രമല്ല, അനിയത്തിക്ക് എന്തെങ്കിലും സ്വന്തമായി ചുമതലയേൽക്കാനും പ്രവർത്തിക്കുവാനും ചിന്തിക്കുവാനും വഴിമാറിക്കിട്ടുകയും ചെയ്യുമായിരുന്നു അകാലത്തിലുണ്ടായ അവളുടെ ദുഃഖത്തിനും നിരാശയ്ക്കും ഒരുപശാന്തിയുടെ തുടക്കം ലഭിക്കുകയും ചെയ്തേനെ. നഗരത്തിലെ ജോലി സ്ഥലത്തുനിന്ന് ആഴ്ചയിലൊരിക്കൽ തറവാട്ടിലെത്തുമ്പോൾ അവളുടെ മിണ്ടാട്ടമില്ലായ്മയും കണ്ണീർപ്പാടു പതിഞ്ഞ മുഖവും വല്ലാത്ത വിഷമമുണ്ടാക്കിയിയിരുന്നു. കുമാരൻകുട്ടി ഉണ്ടായിരുന്നെങ്കിൽ...? വീട്ടിലെ എല്ലാകാര്യങ്ങളും അയാൾ അന്വേഷിച്ചിരുന്നു. തനിക്കൊന്നിനും ബുദ്ധിമുട്ടേണ്ടിയിരുന്നില്ല. പറഞ്ഞിട്ടിനി കാര്യമില്ലല്ലോ. പൊടുന്നനവെ ഒരു ദിവസം...

അമ്മയുടെ കാര്യമാ പ്രശ്നം. ഒരേകാര്യം തന്നെ വീണ്ടുംവീണ്ടും പറഞ്ഞുകൊണ്ടിരിക്കും.

നീ ഒന്നു കാര്യമായി ശ്രമിച്ചാൽ പെട്ടെന്ന് കിട്ടാതിരിക്കുകയില്ല.

അമ്മയുടെ വിചാരം ശ്രമം, കുറവായിട്ടാണെന്നാണ്.

അർഹതയുള്ളതല്ലേ? ആരുടേയും ഔദാര്യമല്ലല്ലൊ. നിനക്കൊന്നു ശരിക്കുപറയേണ്ട രീതിയിൽ പറഞ്ഞാലെന്താ?

ശരിക്കു പറയേണ്ട രീതിയിൽ പറഞ്ഞാൽ സർക്കാരാഫീസുകളിൽ എന്താണുണ്ടാവുകയെന്ന് അമ്മയ്ക്കറിയില്ല. ഇപ്പോഴുള്ള സൗമ്യമായ പെരുമാററവും സഹതാപവാക്കുകളും കൂടി ഇല്ലാതാവും.

കുമാരൻ കുട്ടി മരിച്ചിട്ട് ഇപ്പോൾ മൂന്നു വർഷം കഴിയുന്നു. ഒരു പ്രൈവററ് കോളേജിലെ വെറുമൊരു ലക്ച്ചറർ മാത്രമായിരുന്നു. അയാൾ. സർക്കാരിൻെറ വസ്തുവകകളോ പ്രമാണങ്ങളോ ഖജനാവോ ഒന്നും അയാളുടെ ചുമതലയിലുണ്ടായിരുന്നില്ല. ബാദ്ധ്യതകളോ നീക്കിയിരിപ്പുകളോ നിർണ്ണയിക്കേണ്ടതുണ്ടായിരുന്നില്ല. എന്നിട്ടും എത്ര പ്രാവശ്യം. ഏതെല്ലാം ആഫീസുകളിൽ കയററിഇറക്കി. കോർപ്പറേററ് മാനേജുമെൻറായിരുന്നതിനാൽ പല സ്ഥലങ്ങളിൽ ജോലി ചെയ്യേണ്ടിവന്നിരുന്നു. ആ കോളേജുകളിലെയെല്ലാം ആഫീസുകളിൽ. അവയോടു ബന്ധപ്പെട്ട കോളേജുയേററ് ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിൽ അക്കൗണ്ടാഫീസിൽ, എല്ലാ ഓഫീസുകളിലും എത്ര ക്ഷമാപൂർവമാണ് അവർ തൻെറ പരാതി കേട്ടിരുന്നത് എന്നയാൾ ഓർത്തു. വളരെ സൗമ്യമായ പെരുമാററവും അനുകൂലപ്രദമല്ലെങ്കിൽ പോലും സഹതാപസാന്ദ്രമായ സ്വരത്തിലുള്ള മറുപടികളുമാണ് കിട്ടിയിരുന്നതും.

ഞങ്ങൾക്ക് മനസിലാവായ്കല്ല. എന്തു ചെയ്യട്ടേ. നിയമമല്ലേ ? ആ രസീത് കൂടിവേണം. ഈ ക്ളിയറൻസുവേണം. മറേറ സർട്ടിഫിക്കേററുവേണം. വേറൊരു സ്റേറററ്മെൻറ് വേണം.

എല്ലാം ഒരു വിധത്തിൽ ശരിയാക്കി എത്തിയപ്പോഴാണ്-

പുതിയ അധികാരപുനസംഘടനയും ജോലി വിഭജനവുമനുസരിച്ച് ആ കോളേജിലെ കടലാസുകൾ നോക്കുന്നതിവിടെയല്ല.

എൺപതുകിലോമീററർ അകലെയുള്ള ആ ഓഫീസിൽ ഓടിക്കിതച്ചെത്തി. യുവാവും പ്രസന്നവദനനുമായ ഒരു സുന്ദരനായിരുന്നു ക്ളാർക്ക് എന്നു കണ്ടപ്പോൾ സന്തോഷമായി ഭവ്യതയും ദൈന്യതയും. കൂട്ടിക്കുഴച്ചവാക്കുകളുമായി അരികിൽ ചെന്നപ്പോൾ വെററിലമുറുക്കിൻെറ സമൃദ്ധമായ പശ്ചാത്തലത്തിൽ നിന്ന് തൻെറ സ്ത്രൈണശബ്ദത്തിൽ മൊഴിഞ്ഞു—

ഫയലുകളെല്ലാം ഇങ്ങോട്ടു ട്രാൻസ്ഫർ ചെയ്തുകിട്ടിക്കഴിഞ്ഞിട്ടില്ല. രണ്ടാഴ്ച കഴിഞ്ഞുവരൂ.

സഹാനുഭൂതി തുളുമ്പുന്ന വാക്കുകൾ തന്നെ ആയിരുന്നു. ഒടുവിൽ ഫയലുകളെത്തി എന്നു സമ്മതിച്ച ചെറുപ്പക്കാരനായ ക്ളാർക്ക് പറഞ്ഞു-

എല്ലാമൊന്നു ശരിയാക്കി അപേക്ഷകളുടെ തീയതി മുറയ്ക്ക് ഓർഡറിലാകട്ടെ. എന്നിട്ടാവട്ടെ. രണ്ടാഴ്ചകഴിഞ്ഞു.

തൻെറ വെള്ളിച്ചെല്ലത്തിൽ നിന്നും തുളസി വെററിലയും ചുവന്ന ചുണ്ണാമ്പും കളിയടയ്ക്കയും വാസനപ്പുകയിലയും മററോ സുഗന്ധ വസ്തുക്കളും എടുത്തു വിസ്തരിച്ചു, ലക്ഷണസംയുക്തമായി ശരിയായ ഓർഡറിൽ ചിട്ടയായി മുറുക്കുവാൻ തയ്യാറെടുത്തുകൊണ്ടിരുന്ന സുമുഖനായ ആ യുവാവിൻെറ സ്വരത്തിലെ സ്നേഹവും സഹതാപവും മര്യാദയുംകണ്ട് സമാശ്വസിച്ചു. അടുത്ത പ്രാവശ്യം ചെന്നപ്പോൾ അയാളുടെ വായ നിറയെ മുറുക്കാനായിരുന്നു. കണ്ടപ്പോൾ പരിചയഭാവം നടിച്ചു. എന്നിട്ട് അകലെയെവിടെയോ പോയി തുപ്പിയിട്ട് യുഗങ്ങൾക്കു ശേഷം തിരിച്ചുവന്നു. വായിലെ അവശിഷ്ടവസ്തുക്കൾ ചവച്ചുകൊണ്ട് പറഞ്ഞു-

കുമാരൻ കുട്ടി മേനോൻെറ കാര്യമല്ലേ, ഓർമ്മയുണ്ട്.

അയാൾ അല്പനേരം കൂടി അവിടെ താങ്ങിതൂങ്ങി നിന്നു. ക്ളാർക്ക് വീണ്ടും ദൂരെ എവിടെയോ പോയി തുപ്പി, വായ കഴുകി വന്നു വീണ്ടും താംബൂല ചർവ്വണമഹോത്സവത്തിനുള്ള ഒരുക്കുകൂട്ടലുകൾ ആരംഭിച്ചു. ഓഫീസിലെ പ്രധാന ജോലി അതാണെന്നു തോന്നിപ്പിക്കത്തക്ക ശ്രദ്ധയും, താല്പര്യവും വെടിപ്പും ആ പ്രകടനത്തിലുണ്ടായിരുന്നു.

അയാൾ അടുത്തുചെന്നു ഒന്ന് ചുമച്ചു സാന്നിദ്ധ്യമറിയിച്ചു. ക്ളാർക്കിന് അതത്ര രസിച്ചില്ലെന്നു തോന്നി. തല ഉയർത്തി നോക്കി, മുമ്പുപറഞ്ഞപ്പോഴുണ്ടായിരുന്ന മാർദ്ദവം ഇല്ലാതെ പറഞ്ഞു:-

ഇങ്ങോട്ടുപറയുന്നതിനുമുമ്പ് അങ്ങോട്ടു പറഞ്ഞു-

രണ്ടാഴ്ച കഴിഞ്ഞുവരാം.

അയാൾ പിന്നീടവിടെനിന്നില്ല. രണ്ടാഴ്ചയല്ല മൂന്നാല് ആഴ്ചകൾ കഴിഞ്ഞോ വീണ്ടും ചെന്നതുമുള്ളു. ഓർമ്മയുണ്ടെന്നല്ലേ പറഞ്ഞതു. അല്പം സാവകാശത്തിലാണെങ്കിലും എല്ലാം ശരിയാകട്ടെ വയ്ക്കട്ടെ.

സുമുഖനായ ക്ളാർക്ക് അദ്ദേഹത്തെ കാണാൻ ചെന്ന വൃദ്ധനായൊരാളുമൊത്ത് വെള്ള ചെല്ലത്തിലെ വസ്തുവകകൾ പങ്കിടുകയും സംസാരിക്കുകയുമായിരുന്നു. വൃദ്ധൻ പോകാൻ താല്പര്യമൊന്നും കാണിക്കുന്നുണ്ടായിരുന്നില്ല. അയാളുടെ കഷണ്ടിത്തലയിലെ വലിയ മറുകും നോക്കി വളരെ നേരം നില്ക്കേണ്ടിവന്നു. ഒടുവിലയാൾ എഴുന്നേററപ്പോൾ ക്ളാർക്കും കൂട്ടത്തിലിറങ്ങി. ഇന്നിനി കാണുവാൻ സാധിക്കുകയില്ലല്ലോ എന്നു കുണ്ഠിതപ്പെട്ടിരിക്കുമ്പോഴാണ്, മേശപ്പുറത്തെ വെള്ളി ചെല്ലം ശ്രദ്ധയിൽ പെട്ടത്. അപ്പോൾ സമാധാനമായി. മടങ്ങിവരും.

പ്രതീക്ഷിച്ചതിലും താമസിച്ചാണെങ്കിലും വന്നു. തന്നെ കണ്ടപ്പോൾ വലിയ വായയിൽ വിശാലമായി ചിരിച്ചു. മുറുക്കാനില്ലാതിരുന്ന ആ ചെറിയ ഇടവേളയിൽ ആ ചുവന്നുതുടുത്ത കറുത്ത പല്ലുകൾ വിശ്രമസുഖം അനുഭവിച്ചു തിളങ്ങി. ഇല്ലാത്ത അടുപ്പവും സ്നേഹവും നിറഞ്ഞ ഔദാര്യപൂരിതമായ സ്വരത്തിൽ പറഞ്ഞു:

കുമാരൻകുട്ടി മേനോൻെറ കടലാസുകളെല്ലാം കിട്ടിയിട്ടുണ്ട്. ഞാനിതിൻെറ കാൽക്കുലേഷൻസെല്ലാം ശരിയാക്കിക്കൊണ്ടിരിക്കയാണ്.

ഉൽക്കണ്ഠയോടെ ചോദിച്ചുപോയി–

ഞാൻ എന്നിനി... ?

തൻെറ മുറുക്കാൻ പാത്രത്തിലേക്കുമടങ്ങിക്കഴിഞ്ഞിരുന്ന ക്ളാർക്ക് അതിൽ തന്നെ ശ്രദ്ധിച്ചുകൊണ്ടു പറഞ്ഞു-

ഒരു രണ്ടാഴ്ച കഴിഞ്ഞോട്ടെ...

രണ്ടാഴ്ചയാണ് അയാൾക്കെന്തിനും കാലമാനം എന്നുതോന്നി. എന്തുചെയ്യാൻ ? ഇത്ര ചെറുപ്പക്കാരനായൊരാൾ ഇങ്ങനെ മുറുക്കി മുറുക്കി, വായകോളാമ്പിയാക്കി, മടിയനാകുന്നല്ലോ എന്ന് മനസിലോർത്തു. വെററില മുറുക്ക് എന്നും സമ്പന്നന്മാരായ വൃദ്ധന്മാരുടേയും തമ്പുരാക്കന്മാരുടെയും മാത്രമൊരു വിനോദം എന്നായിരുന്നു ധരിച്ചുവച്ചിരുന്നത്. പലതും തിരുത്തേണ്ടിവന്നിട്ടുള്ള ജീവിതത്തിൽ ഇതും തിരുത്തും എന്ന ചിന്തയോടെ നടന്നു.

രണ്ടാഴ്ചയ്ക്കുശേഷം വീണ്ടും ചെന്നപ്പോഴും പ്രസന്നവദനനായ യുവാവ് നിരാശപ്പെടുത്തിയില്ല.

അക്കൗണ്ടാഫീസിൽ നിന്നൊരു ക്ളാരിഫിക്കേഷൻ ചോദിച്ചിരിക്കയാണ്. അതുവന്നോട്ടെ. ഒരു രണ്ടാഴുചകഴിഞ്ഞുവരൂ.

അപ്രാവശ്യം ആദ്യമായി സംശയംതോന്നി. ഈ യുവാവ് കൈക്കൂലിക്കാരനാണെന്നുവരുമോ ? വല്ലതും കിട്ടാൻ വേണ്ടിയുള്ള അടവുകളായിരിക്കുമോ? ഇത്ര ചെറുപ്പത്തിലേ വെററിലമുറുക്ക് ശീലിച്ചിട്ടുള്ളതുപോലെ, ഒരു പക്ഷേ...

ആരോടാണന്വേഷിക്കുക ? കൈക്കൂലി ഉണ്ടെങ്കിൽ തൂണിലും തുരുമ്പിലും എന്നാണല്ലോ പ്രമാണം. അയാൾ പുറത്തിറങ്ങി. പരിചയമുള്ള ഏതെങ്കിലും മുഖം കണ്ടാൽ...? ഇല്ലെങ്കിൽ ഇവിടെത്തന്നെയുള്ള ഏതെങ്കിലും ഒരു നാലാംക്ളാസ് ജീവനക്കാരനെ തനിച്ചുകണ്ടെത്തിയാൽ, ചോദിക്കാം. ചോദിച്ചുമനസിലാക്കാം.

ഇതുവരെ ആർക്കും കൈക്കൂലി കൊടുത്തിട്ടില്ല. എങ്ങനെയാണ് കൊടുക്കേണ്ടതെന്നുമറിയില്ല. എന്നാലും എങ്ങനെയെങ്കിലും മനസ്സിലാക്കിയേ പററൂ. അങ്ങനെ ആലോചിച്ചുനില്ക്കവേ മുമ്പൊരിക്കൽ ആ ക്ലാർക്കുമായി മുറുക്കാൻ പങ്കിട്ടു സംസാരിച്ചിരുന്ന വൃദ്ധൻ അകത്തേക്ക് വരുന്നു. കഷണ്ടിത്തലയിലെ ആ കറുത്ത മറുകാണ് ശ്രദ്ധയിൽപ്പെടുത്തിയത്.

പെട്ടെന്നൊരു ബുദ്ധിതോന്നി. അയാളുമൊരു മാസ്ററായിരിക്കണം. പെൻഷൻ കാര്യത്തിന് തന്നെയാവും ഈ വരവും പോക്കും. അടുത്തുചെന്നു അടുപ്പം ഭാവിച്ച് ചോദിച്ചു.

മാഷ്ടെ കാര്യമൊക്കെ ശരിയായോ?

വൃദ്ധൻ ഒരു നിമിഷം പകച്ചുനോക്കി പിന്നെ വിചാരിച്ചു. എന്നെ അറിയുന്ന ഏതോ പഴയ വിദ്യാർത്ഥി ആയിരിക്കും മന്ദഹാസം വരുത്തിക്കൊണ്ട് പറഞ്ഞു.

ഏയ് ! ആയിട്ടില്ല. ഇന്നുതരാംന്നാ പറഞ്ഞിരിക്കുന്നത് എത്ര പ്രാവശ്യമായിന്നോ, എന്താ ചെയ്ക! കൈക്കൂലിക്കാരനായിരുന്നെങ്കിൽ കൊടുത്ത് കാര്യം നേടാമായിരുന്നു. ഇയാം വാങ്ങില്ലാത്രേ. യൂണിയൻകാരനാ. മററേതു വാങ്ങിക്കൊടുത്താൽ കഴിക്കും.

വൃദ്ധൻ കൈകൊണ്ട് മദ്യത്തെ സൂചിപ്പിച്ചു. എന്നിട്ട് ചോദിച്ചു:

എന്താ നിങ്ങടെ പ്രശ്നം?

അയാം വിശദീകരിച്ചു. പലരോടായി പലപ്പോഴായി പറഞ്ഞിട്ടുളളതാകകൊണ്ട് ഒരു വിഷമവും കൂടാതെ കാണാപ്പാഠം പറയുന്നതുപോലെ പറയാൻ കഴിഞ്ഞു. വൃദ്ധൻ മുഴുവൻ കേട്ടിട്ട് പറഞ്ഞു:

ഓ died in harness അല്ലേ? സർവീസിലിരുന്നു മരിച്ച ആളുടെ അനന്തരാവകാശിക്കുളള ആനുകൂല്യങ്ങൾ. അതിവന്മാരു അത്ര എളുപ്പമൊന്നും തരില്ല.

ഒരു ഇടിത്തീയ് പോലെയായിരുന്നു ആ വാക്കുകളെന്ന് വൃദ്ധൻ മനസ്സിലാക്കിയിട്ടുണ്ടാവുകയില്ല. അയാം തുടർന്നു.

ഇയാം കൈക്കൂലി വാങ്ങാത്തവനായത് ഭാഗ്യംന്ന് വിചാരിച്ചോളു. കൂട്ടിക്കൊണ്ടുപോയി മററേത് നിറയെ വാങ്ങിക്കൊടുത്തോളു. ദേ! ഇവിടെ അടുത്തുതന്നെ സംഗതി കിട്ടും. മൂന്നുപ്രാവശ്യത്തെ പ്രയോഗത്തിന് ശേഷമാ എൻെറ കടലാസുകൾ ഇത്രമെങ്കിലുമായത്.

വൃദ്ധൻ അകത്തേക്ക് നടന്നു. അയാളുടെ വാക്കുകളുണ്ടാക്കിയ കുണ്ഠിതം കുറച്ചൊന്നുമായിരുന്നില്ല. കൈക്കൂലി, മദ്യപാനം, വ്യഭിചാരം എല്ലാം മഹാപാപങ്ങൾ എന്നേ എന്നും ധരിച്ചിട്ടുളളു. അവയുമായി എന്നെങ്കിലും ബന്ധപ്പെടേണ്ടിവരുമെന്ന് നിരൂപിച്ചിട്ടേ ഉണ്ടായിരുന്നില്ല. അതിൽത്തന്നെ കൈക്കൂലിയാണെങ്കിൻ,പിന്നേയും സഹിക്കാം. ഒരു പാപവും ചെയ്തിട്ടില്ല എന്നഭാവത്തിൽ മേശപ്പുറത്ത് വച്ചിട്ട് കടന്നുകളയാമായിരുന്നു. അതിൻെറ മനസാക്ഷിക്കുത്ത് രണ്ടുദിവസമുണ്ടാകും. എന്നാലും സാരമില്ല. ആ കൊളളരുതായ്മയുക്ക് ഒരതിർവരമ്പുണ്ട്. സ്വന്തംകാശ്, സ്വന്തം ആഗ്രഹത്തിയ് വിരുദ്ധമായിട്ടാണെങ്കിലും സ്വന്തം കാര്യം നേടുവാനായി ചെലവാക്കുന്നു. അത്രേയുളളു. മററേത്...മദ്യം. അത് വിഷമാണ്. കൂടെവിളിച്ചുകൊണ്ടുപോയി കൂടെ ഇരുന്നു അത് വാങ്ങി ഒഴിച്ചുകൊടുക്കുക. ഏയ് അത് വയ്യ. അത്രത്തോളം താഴാൻ വയ്യ. പക്ഷെ കാര്യം നടക്കുകയും വേണമല്ലൊ. ഗേററിനടുക്കലുളള വൃക്ഷത്തണലിലിരുന്ന് ആലോചിക്കയായിരുന്നു. എങ്ങനെ? എങ്ങനെ...?

അപ്പോൾ വൃദ്ധനും ക്ളർക്കും കൂടി ഇറങ്ങി, നേരത്തെ ചൂണ്ടിക്കാണിച്ച ഹോട്ടലിനെ ലക്ഷ്യമാക്കി നടക്കുന്നത് ശ്രദ്ധയിൽ പെട്ടു. മനസിൽ അരിശവും വെറുപ്പും നിറഞ്ഞു ആ ക്ളാർക്കിനോടൊന്നതിനേക്കാൾ ആ വൃദ്ധനോടായിരുന്നു കൂടുതൽ ദേഷ്യം. അദ്ധ്യാപകനാത്രേ! ഭാവിതലമുറയെ നന്നാക്കാൻ നടക്കുന്നു. ഇവരൊക്കെ കൂടിയാണ് നമ്മുടെ നാടിനെ ഇങ്ങനെ...

അയാം എഴുന്നേററുനടന്നു. മദ്യം വാങ്ങിക്കൊടുത്തും ഒന്നും ഇത് സാധിക്കണ്ട. കിട്ടുമ്പോം കിട്ടട്ടെ. അതിൻെറ സമയമാകുമ്പോം ഈശ്വരനിശ്ചയം പോലെ അത് സ്വയം വന്നെത്തും. നേർമാർഗ്ഗത്തിൽ മനുഷ്യസാദ്ധ്യമായതെല്ലാം താനിതിൽ ചെയ്തുകഴിഞ്ഞു. അയാം തൻെറ ചെറിയ ഡയറി എടുത്തുനോക്കി. അളിയൻ മരിച്ചുകഴിഞ്ഞതിനുശേഷം ഇക്കാര്യത്തിനായി താൻ ഇതുവരെ മൂവായിരത്തി ഇരുനൂററി നാല്പത്തിഏഴ് കിലോമീററർ ദൂരം യാത്ര ചെയ്തിരിക്കുന്നു. ആറായിരത്തി എണ്ണൂററി ഒൻപത് രൂപ അമ്പതുപൈസ ചെ

ലവാക്കി കഴിഞ്ഞിരിക്കുന്നു. വയ്യ. ഇതിൻെറ കൂട്ടത്തിൽ ഇനി മദ്യകുപ്പികളുടെ വിലകൂടി കൂട്ടാൻ വയ്യ.

അയാരം മടങ്ങിപ്പോന്നു.

അത് കഴിഞ്ഞിട്ടിപ്പോരം ഒൻപത് മാസം കഴിഞ്ഞിരിക്കുന്നു, ഇതുവരെയിയി ഒരറിയിപ്പും ഉണ്ടായിട്ടില്ല. ഓരോ പ്രാവശ്യവും അമ്മയോടു കള്ളംപറഞ്ഞു. വേണ്ടതൊക്കെ ചെയ്യുന്നുണ്ട്. ഉടൻ ശരിയാവുംന്നാണവർ പറയുന്നത്.

എന്നിട്ട് സ്വന്തം ഗതികേടോർത്ത് സങ്കടപ്പെട്ടു.

ഇനി ഇങ്ങനെ ഒഴിവാകാൻ വയ്യാത്ത അവസ്ഥയായിരിക്കുന്നു. അനിയത്തിയുടെ മൂത്ത മകളുടെ വിവാഹനിശ്ചയത്തിനാളു വരുന്നു. ഈ രൂപ കിട്ടുമെന്നത് കണക്കിലെടുത്താണാലോചന ഒത്തുവന്നത് മഹാഭാഗ്യമാണെന്നുമാണ്. സ്ത്രീധനം വേണ്ടെങ്കിലും വസ്ത്രങ്ങരംക്കും പണ്ടങ്ങരംക്കും അടിയന്തരത്തിനും ഒക്കെയായി കുറെ വേണ്ടിവരില്ലേ? അതിനെന്തു ചെയ്യും...?

അമ്മ പറയുന്നതിന് മുമ്പുതന്നെ അയാരം അതോർത്തതാൺ. പക്ഷേ എന്താണ് പോംവഴി? വളരെനേരം ആലോചിച്ചു. ഒടുവിൽ തീരുമാനിച്ചു. അങ്ങനെ പിടിവാശിയുടെ കാര്യമൊന്നുമില്ല. കാര്യം കാണാൻ കഴുതക്കാലും പിടിക്കണം. എങ്ങനെയെങ്കിലും രൂപ ഉണ്ടായേ പറ്റൂ. കിട്ടാനുള്ള തുക കിടക്കുമ്പോരം പിന്നെ മററു മാർഗ്ഗങ്ങളാലോചിച്ച് ക്ളേശിക്കുന്നതെന്തിന്? നേരെ ആ ഓഫീസിലേക്കുകടന്നു ചെല്ലുക. ചെറുപ്പക്കാരനായ ആ ക്ളാർക്കിനോടുപറയുക.

നമുക്കൊന്നു പുറത്തിറങ്ങിയിട്ടുവരാം. സർ. വെള്ളിച്ചെല്ലം അടച്ചുവച്ച് മേശയുടെ ഡ്രായർ പൂട്ടി അയാരം ഇറങ്ങിവരും. ആ ഹോട്ടലിലെത്തി ഒരു സ്വകാര്യമുറിയിലേക്ക് കയറി ഇരുന്ന് ബെൽ അമർത്തുക. വരുന്ന ബെയററോട് എന്തുപറയണം? അതറിയില്ലല്ലോ. വേണ്ട. ഒന്നും പറയണ്ട. ചെറുപ്പക്കാരനോട് പറയാം. അയാരം തന്നെ ഉത്തരവിടട്ടെ.

സാറിന് ഏതാണെന്നുവച്ചാൽ...? എന്താണെന്നു വച്ചാൽ...?

ബാക്കിയെല്ലാം അയാരം നോക്കിക്കൊള്ളും. അവർ ഈ തൊഴിലിൽ പ്രാഗത്ഭ്യമുള്ളവരാണ്. താൻ ഒന്നും അറിയേണ്ടിവരില്ല.

തനിക്കുവേണ്ടത് സഹോദരിയുടെ ഫാമിലിപെൻഷനാണ്. അളിയൻെറ ഗ്രാററുവിററിയും പ്രോവിഡൻറ് ഫണ്ടും ഇൻഷുറൻസുമാണ്. നടത്തേണ്ടത് സഹോദരിയുടെ മകളുടെ വിവാഹമാണ്.

അയാരം ജോലി സ്ഥലത്തേക്ക് പോകാതെ ആ സർക്കാരാഫീസിലുള്ള പട്ടണത്തിലേക്ക് വണ്ടികയറി. അവിടെ അയാളെത്തുമ്പോരം പന്ത്രണ്ട് മണികഴിഞ്ഞിരുന്നു മനസിൽ കണക്കുകൂട്ടി. നല്ല സമയം. പറയാം.

ഉച്ചയായില്ലേ സർ, നമുക്കൊന്നിറങ്ങി ഊണുകഴിച്ചിട്ടുവരാം.

ശേഷം ക്ളാർക്കിൻെറ ജോലിയാണ്. താൻ ബില്ലുകൊടുത്താൽ മാത്രം മതി.

ഊണുകഴിഞ്ഞുവരുന്ന ക്ളാർക്ക് കുശാലായി മുറുക്കുന്നതും തൻെറ കാര്യമെല്ലാം ഉടൻതന്നെ ശരിയാക്കിത്തരുന്നതും അമ്മയുടെയും അനിയത്തിയുടെയും മുഖത്ത് സന്തോഷം വിരിയുന്നതും അയാരം വിഭാവനം ചെയ്തു.

ഉത്സാഹത്തോടെ അയാരം ഓഫീസിനുള്ളിലേക്ക് ചെന്നു. യുവാവായ ആ ക്ലാർക്കിനെ അവിടെയെങ്ങും കാണാനുണ്ടായിരുന്നില്ല. അയാളുകട്ടെ വൃദ്ധയായ ഒരു സ്ത്രീയോട് സംസാരിക്കുകയുമായിരുന്നു. പെൻഷനെപ്പററിയും പ്രോവിഡൻറ് ഫണ്ടിനെപ്പററിയും ഒക്കെയുള്ള ആ സംഭാഷണം അവസാനിച്ചിട്ടാകട്ടെ തൻെറ ഊഴമെന്ന് കരുതി അയാരം കാത്തുനിന്നു. ഒടുവിൽ കണ്ണട ഊരി മേൽപ്പുടവത്തുമ്പുകൊണ്ട് കൺകോണുകരം തുടച്ച് ആ സ്ത്രീ നടന്നുതുടങ്ങിയപ്പോരം അയാരം ക്ളാർക്കിൻെറ സമീപം ചെന്നു ഭവ്യതയോടെ ചോദിച്ചു:-

ഇവിടെ ഇതിന് മുമ്പുണ്ടായിരുന്ന ആ ചെറുപ്പക്കാരൻ...?

മദ്ധ്യവയസ്കനായ ക്ളാർക്ക് വികാരശൂന്യനായി പ്രതിവചിച്ചു.

ആര്? രാധാകൃഷ്ണനോ? പുള്ളിക്കാരൻ മരിച്ചിട്ട് ആറേഴുമാസമായല്ലോ. കക്ഷിയുടെ ഭാര്യയാണു പോകുന്നത്. പെൻഷനും പ്രോവിഡൻറ് ഫണ്ടുമൊക്കെ വാങ്ങാൻ വന്നതാ... ഞാനെന്തു ചെയ്യും. കടലാസൊന്നും ശരിയല്ല. പറഞ്ഞാൽ മനസിലാവാത്തും ഇല്ല. ഒരുവിധത്തിൽ സമാധാനിപ്പിച്ച് രണ്ടാഴ്ച കഴിഞ്ഞു വരാൻ പറഞ്ഞുവിട്ടിരിക്ക്യാ ..

രണ്ടാഴ്ച എന്നുവീണ്ടും കേട്ടപ്പോഴുണ്ടായ നടുക്കത്തിൻെറ അറിവില്ലായ്മയിൽ ചോദിച്ചുപ്പോയി.

ഇത്ര ചെറുപ്പത്തിലേ ... മരിച്ചുപോയെന്നോ...

മദ്യപാനത്തെ സൂചിപ്പിക്കുന്ന കൈയാംഗ്യത്തോടെ ക്ളാർക്ക് പറഞ്ഞു.

പുള്ളിക്കാരന് മറേറതു കുറെകുടുതലായിരുന്നു. കരള് കത്തിയാ കാഞ്ഞത്.

സ്വന്തം സഹപ്രവർത്തകൻെറ മരണത്തെപ്പററിയുള്ള കാരുണ്യ ശൂന്യമായ ആ വിവരണത്തെക്കാൾ അയാളെ വിഷമിക്കിച്ചത് സ്വന്തം കാര്യം കാണാൻ ഇനി എല്ലാം ആദ്യം മുതലേ തുടങ്ങണമല്ലോ എന്ന വിഷാദചിന്തയായിരുന്നു. ഈ ക്ളാർക്ക് മദ്യപാനിയല്ലന്ന സൂചന കിട്ടിയത് ആശ്വാസകരമായിരുന്നു. പക്ഷെ പകരം മറെറന്തെങ്കിലും ഉണ്ടായ്ന്ന് വരുമോ? അതെങ്ങനെ ഒന്നറിഞ്ഞെടുക്കും? അയാൾ ആ മേശപ്പുറത്തേക്കൊളിഞ്ഞുനോക്കി. അവിടെ ഒരു വെള്ളിച്ചെല്ലമുണ്ടായിരുന്നില്ല. വിലകൂടിയ ഏതോ സിഗററിൻെറ കൂടും സ്വർണ്ണനിറത്തിലുള്ള ഒരു ലൈററും അലക്ഷ്യമായി ഒരു മൂലയിൽ കിടന്നിരുന്നു. സമാധാനം. എത്ര പതുക്കെ ആണെങ്കിലും ഒന്നമുറുക്കിവരുന്നതിൻെറ താളവട്ടം ഇല്ല വെളിയിൽ പോയി തുപ്പി വരുന്നതുവരെയുള്ള കാലതാമസമില്ല. അല്പം മനശാന്തിയോടെ അയാൾ തൻെറ കാര്യം ബോധിപ്പിച്ചു. എല്ലാം ക്ഷമാപൂർവം കേട്ടിരുന്നശേഷം മദ്ധ്യവയസ്ക്കനായ ആ ക്ളാർക്ക് പറഞ്ഞു:-

ഞാൻ ഈ സീററിൽ പുതിയ ആളാണ്. എല്ലാം ഒന്നുപഠിച്ചുവരട്ടെ. ഒരു രണ്ടാഴ്ച കഴിഞ്ഞുവരൂ.

രണ്ടാഴ്ചകഴിഞ്ഞു വരൂ എന്ന വാക്കുകളലുണ്ടെന്നു തോന്നിച്ച സ്ത്രൈണ ശബ്ദധ്വനി അയാളെ ഏതോ പൂർവകാലങ്ങളിലേക്കു കൊണ്ടുപോയി. അയാൾ എന്തൊക്കെയോ ആലോചിച്ചങ്ങനെ നിന്നു. സഹോദരിയുടെ മകളുടെ വിവാഹനിശ്ചയത്തിന് ഇനി രണ്ടാഴ്ചയില്ലല്ലോ എന്ന കാര്യവും അയാൾക്കോർമ്മവന്നു. ഒന്നും കാണാത്ത കണ്ണുകളോടെ തരിച്ചങ്ങനെ നില്ക്കുമ്പോൾ ക്ളാർക്ക് അല്പം നീരസത്തോടെ പറഞ്ഞു.

മനസിലായില്ലേ? രണ്ടാഴ്ചകഴിഞ്ഞു വരൂ.

ഇത്തവണ അയാൾക്ക് കാര്യം മനസിലായി മന്ദഹസിച്ചു. പറഞ്ഞു.

ശരി, സാർ.

അയാൾ വെളിയിലേക്കുനടന്നു. വാതില്ക്കലെത്തിയപ്പോൾ വെറുതേ ഒന്നുതിരഞ്ഞു നേക്കി.

മദ്ധ്യവയസ്ക്കനായ ആ ക്ളാർക്ക് സിഗ്രററിൻെറ ലഹരിയിൽ ലയിച്ചുകസേരയിൽ ചാരി, തല പിന്നാക്കം ചായ്ച്ചു ഇരിക്കുന്നുണ്ടായിരുന്നു. പുകയുടെ സമൃദ്ധമായ ചുരുളുകൾ അയാളുടെ മുഖത്തിന് ചുററുമായി ചാരനിറത്തിലുള്ള ഒരാവരണം സൃഷ്ടിക്കുകയും കാഴ്ചയിൽ നിന്നുമറയ്ക്കുകയും ചെയ്തിരുന്നു.

കതക് കടന്നു മുററത്തേക്കിറങ്ങി നടക്കുമ്പോൾ അയാൾ തന്നത്താൻ പറഞ്ഞു.

രണ്ടാഴ്ചകഴിഞ്ഞ്...

(കേരളകൗമുദി ഓണം വിശേഷാൽപ്രതി 1982 )

# ചോദ്യോത്തര പംക്തി

പി. ഹരിദാസൻ,
സെക്രട്ടറി, എ കെ പി സി ടി എ

**ഫാത്തിമാബീവി,** പാലക്കാട്

ചോദ്യം

പതിമൂന്നുകൊല്ലം സർവ്വീസുള്ള ഒരദ്ധ്യാപികയാണു ഞാൻ. ലോണെടുത്തു വീടു വച്ചിട്ടുണ്ട്. 1990 മാർച്ചിൽ വീടിന്റെ പണി പൂർത്തിയായി. 16800 രൂപ (മുതൽ രൂ 10800, പലിശ രൂപ 6000) ലോണിനത്തിൽ ഇക്കൊല്ലം തിരിച്ചടയ്ക്കണം. ആദായനികുതിനിയമപ്രകാരം ഈയിനത്തിൽ എനിക്ക് എത്രമാത്രം സൗജന്യം ലഭിക്കും? ഞാൻ എത്രരൂപ നികുതി നൽകണം? ശമ്പളത്തെപ്പററിയുള്ള പൂർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സാലറി | രൂ | 69600 |
| പി. എഫ്. | ,, | 12000 |
| എൽ.ഐ.സി. | ,, | 4800 |
| ഗ്രൂപ്പ് ഇൻഷ്വറൻസ് | ,, | 360 |
| തൊഴിൽക്കരം | ,, | 74 |

വീടു ഞാൻ സ്വന്തമായി താമസിക്കാൻ ഉപയോഗിക്കുന്നു.

**ഉത്തരം:**

വീടുവയ്ക്കാൻ ലോൺ എടുത്തിട്ടുള്ള ആൾക്കാർക്ക് രണ്ടുതരത്തിലുള്ള സൗജന്യം ആദായനികുതിനിയമം നൽകുന്നുണ്ട്. അംഗീകൃത ലോണുകൾക്കു മാത്രമേ ഈ സൗജന്യം ലഭിക്കുകയുള്ളു. മുതൽ തിരിച്ചടയ്ക്കുന്നതിൽ നിന്നും പരമാവധി രൂപ 10000 റിബേററിനായി കണക്കിലെടുക്കും. പലിശയുടെ കാര്യത്തിലാണെങ്കിൽ മൊത്ത വരുമാനത്തിൽ നിന്നും രൂപ 5000 കുറച്ചു കിട്ടുകയും ചെയ്യും. താങ്കളുടെ കേസിൽ ഇതെങ്ങിനെ പ്രാവർത്തികമാകുന്നുവെന്നു നോക്കുക.

| | | |
|---|---|---|
| I സാലറി | രൂ | 69600 |
| സ്ററാൻഡേഡ് ഡിഡക്ഷൻ | ,, | (-)15000 |
| ബാക്കി | | 54600 |
| തൊഴിൽക്കരം | ,, | (-)74 |
| ബാക്കി (സാലറിയിനത്തിലുള്ള വരുമാനം) | | 54526 |
| II ഹൗസ് പ്രോപ്പർട്ടിയിൽ നിന്നുള്ള വരുമാനം (വീട് സ്വന്തം താമസത്തിനുപയോഗിക്കുന്നതിനാൽ) | | ഇല്ല |
| ആകെ മൊത്തം ആദായം | | 54526 |
| പലിശയിനത്തിൽ അടയ്ക്കുന്നതുക (പരമാവധി) | | (-)5000 |
| | | 49526 |

നികുതി നൽകേണ്ട വരുമാനം = 49530

49530 രൂപയുടെ നികുതി രൂ 4306

റിബേററിനർഹമായ തുക

| | |
|---|---|
| പി. എഫ്. | 12000 |
| എൽ. ഐ. സി. | 4800 |
| ഗ്രൂപ്പ് ഇൻഷ്വറൻസ് | 360 |
| ഹൗസിംഗ് ലോൺ (പരമാവധി) | 10 000 |
| ആകെ | 27,160 |

27160 രൂപയുടെ റിബേററ് $= \frac{27160 \times 20}{100} =$ 5432

റിബേററ്, നൽകേണ്ട നികുതിയേക്കാൾ കൂടുതലായതിനാൽ താങ്കൾ നികുതി നൽകേണ്ടതില്ല.

**പവിത്രൻ,** ആലത്തൂർ

ചോദ്യം:

ഞാൻ 1-6-81 ൽ ജോലിയിൽ പ്രവേശിച്ചു. M. Phil ഡിഗ്രി ഉള്ളതിനാൽ 1-6-83 (ഏഴുവർഷം) ൽ എനിക്ക് Senior Scale Rs 3000-5000) Placement ലഭിച്ചു. തുടർന്നു ലഭിച്ച ഇംക്രിമെൻറുകളോടെ 1-6-89 ൽ എന്റെ അടിസ്ഥാന ശമ്പളം 3100 രൂപയും,

